"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലക്കാട് ഗ്രാമപഞ്ചായത്തിലെ ദേവീ സഹായ ലോവർ പ്രൈമറി സ്കൂളിലേക്ക് അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.432/2024/LSGD തീയതി,തിരുവനന്തപുരം, 23-02-2024

പരാമർശം:- 1) തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 11/08/2023 തീയതിയിൽ നടന്ന ഭരണസമിതി യോഗത്തിന്റെ 1(22)-ാം നമ്പർ തീരുമാനം.

2) സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 22/01/2024-ൽ നടന്ന യോഗത്തിന്റെ നടപടികുറിപ്പിലെ ഖണ്ഡിക 4.97 നമ്പർ തീരുമാനം.

**ഉത്തരവ്**

തലക്കാട് ഗ്രാമപഞ്ചായത്തിൽ മാനേജ്മെന്റ് നിയന്ത്രണത്തിലുണ്ടായിരുന്ന ദേവീ സഹായ ലോവർ പ്രൈമറി സ്കൂളും മറ്റ് വസ്തുക്കളും 06/02/2010-ൽ സർക്കാരിന് കൈമാറി ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നടപടി ക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ സർക്കാർ ഏറ്റെടുത്തിട്ടില്ല. മാനേജ്മെന്റ് നിലവിലില്ലാത്തതിനാൽ സ്കൂളിന്റെ ദൈനംദിന കാര്യങ്ങൾ ഗ്രാമപഞ്ചായത്താണ് നോക്കുന്നതെന്നും നാല് അദ്ധ്യാപക തസ്തികയിൽ രണ്ടുപേർ വിരമിച്ചിരുന്നതിനാലും LPST തസ്തികയിൽ മലപ്പുറം ജില്ലയിൽ സംരക്ഷണാനുകൂല്യമുള്ള ആരും പുനർവിന്യസിക്കപ്പെടാതെ ഇല്ലാത്തതിനാലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിക്കുന്നത് വരെയോ 2024 മാർച്ച് 31 വരെയോ മധ്യ വേനൽ അവധിക്ക് സ്കൂൾ അടയ്ക്കുന്നത് വരെയോ (ഏതാണോ ആദ്യം) ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാവുന്നതാണെന്ന് മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും ഇതനുസരിച്ച് ഒഴിവുള്ള രണ്ട് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുമതി നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുവാൻ പരാമർശം(1) പ്രകാരം തലക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊള്ളുകയുണ്ടായി.

2) സർക്കാർ ഈ വിഷയം സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും പരാമർശം (2) തീരുമാനപ്രകാരം, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിക്കുന്നത് വരെയോ 2024 മാർച്ച് 31 വരെയോ മധ്യ വേനൽ അവധിക്ക് സ്കൂൾ അടയ്ക്കുന്നത് വരെയോ (ഏതാണോ ആദ്യം) ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാൻ അനുമതി നൽകുന്നതിനോടൊപ്പം, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ദേവീ സഹായ ലോവർ പ്രൈമറി സ്കൂൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന

കാര്യം കൂടി പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തലക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ (DB3/81/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Reenamma P A
Date: 23-02-2024 11:35:55
സെക്ഷൻ ഓഫീസർ